കെ.സി.വൈ.എം. സംസ്ഥാനസമിതി

KCYM State office, POC,P.B. No. 2251, Palarivattom P.O., Kochi-682025, Kerala, India

കരുണയുടെ യുവജനസാക്ഷികൾ

ജീവന്റെ സംരക്ഷണം പരിസ്ഥിതി സൗഹൃദം ലഹരി രഹിത ജനത

Mar Joseph Pandarasseril
Chairman, KCBC Youth Commission

Rt. Rev. Dr. Vincent Samuel
Vice Chairman, KCBC Youth Commission

Most Rev. Dr. Philipos Mar Stephanos
Vice Chairman, KCBC Youth Commission

President
Sijo Elanthoor
PH: 9496208504
sijo.dominic8@gmail.com

Gen. Secretaty
Vincent Mannithottam
PH: 9744584252
vincentmannithottam@gmail.com

Vice Presidents
Immanuel Michael
PH : 9567581390
immanuelmichael@gmail.com

Deena Peter Joseph
PH: 9544070967
deenapeter1992@gmail.com

Secretaries
Justin Jose
PH: 9447522790
justinnadakkalan@gmail.com

Tintu Manuel
PH: 9745561447
tintukizhupadam@gmail.com

Tessy Terese George
PH:8129353912
theresgeorge@gmail.com

Siji Varghese
PH: 9539323491
sijivrghs16@gmail.com

Treasurer
Justin Ponneduthakuzhi
PH:7403751860
justints917@gmail.com

ICYM President
Sijo Ambatt
PH:8089245136
sijoambatt@gmail.com

Asst. Director
Rev. Sr.Sumam SD

Director
Rev. Fr. Mathew Jacob Thiruvalil OIC
PH: 8281685445
mathewthiruval@yahoo.co.in

കെ.സി.വൈ.എം. സംസ്ഥാന കലോത്സവം മൂവാറ്റുപുഴയിൽ

കൊച്ചി: കെ.സി.വൈ.എം. സംസ്ഥാന കലോത്സവം ഉത്സവ് – 2016 കോതമംഗലം രൂപതയുടെ ആതിഥേയത്വത്തിൽ മൂവാറ്റുപുഴ നിർമ്മല കോളേജിൽ ഡിസംബർ മാസം 9,10,12 (വെള്ളി, ശനി, ഞായർ) തീയതികളിലായി നടത്തപ്പെടും. കേരളത്തിലെ 31 രൂപതകളിൽ നിന്നുമായി ആയിരത്തിയറുന്നൂറോളം കലാപ്രതിഭകൾ കലോത്സവത്തിൽ മാറ്റുരയ്ക്കും.

ഉത്സവ് – 2016–ന്റെ ലോഗോ കർദ്ദിനാൾ ബസേലിയസ് മാർ ക്ലീമിസ് കാതോലിക്ക ബാവ പി.ഒ.സി.യിൽ പ്രകാശനം ചെയ്തു. കേരള കത്തോലിക്ക സഭയിലെ 31 രൂപതളിലെയും അഭിവന്ദ്യ പിതാക്കന്മാരുടെയും കെസിബസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ വർഗീസ് വള്ളിക്കാട്ടിന്റെയും മഹനീയ സാന്നിദ്ധ്യത്തിൽ യൂത്ത് കമ്മീഷൻ വൈസ് ചെയർമാൻ അഭിവന്ദ്യ വിൻസന്റ് സാമുവൽ പിതാവും കലോത്സവത്തിന് ആതിഥേയത്വമരുളുന്ന കോതമംഗലം രൂപതയുടെ മെത്രാൻ ജോർജ്ജ് മഠത്തികണ്ടത്തിൽ പിതാവും ലോഗോ ഔദ്യോഗികമായി ഏറ്റുവാങ്ങി.

ഉത്സവ്–2016–ന്റെ ഭാഗമായി പരിചമുട്ട്, ചവിട്ട് നാടകം, മാർഗ്ഗംകളി, ഷോർട്ട് ഫിലിം തുടങ്ങി കേരളത്തിന്റെ പാരമ്പര്യ കലാരൂപങ്ങൾ ഉൾപ്പെടെ 27 മത്സര ഇനങ്ങൾ അഞ്ച് വേദികളിലായി അരങ്ങേറും. യുവജനങ്ങളുടെ സമഗ്രവികസനം ലക്ഷ്യം വയ്ക്കുന്ന കെ.സി.വൈ.എം. സമൂഹത്തിൽ ഇന്ന് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ആസ്വാദന ചൈതന്യം, പ്രത്യേകിച്ച് കലയുടെയും എഴുത്തിന്റെയും തലങ്ങളിൽ അന്യമാകുന്ന മൂല്യങ്ങൾ സംരക്ഷിച്ച്, മലനാട്ടിലേയും, ഇടനാട്ടിലെയും, തീരദേശത്തെയും പാരമ്പര്യ കലകളെ ഒരേ വേദിയിൽ എത്തിക്കുവാൻ കലോത്സവം ലക്ഷ്യം വയ്ക്കുന്നു. തലശ്ശേരി അതിരൂപതയാണ് ഉത്സവ് 2015–ലെ ജേതാക്കൾ.

കെ.സി.ബി.സി. യൂത്ത് കമ്മീഷൻ ചെയർമാനായി പുതുതായി തിരഞ്ഞെടുക്കപ്പെട്ട ബത്തേരി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ ജോസഫ് മാർ തോമസ് പിതാവിന്റെയും വൈസ് ചെയർമാന്മാരുടെയും സാന്നിദ്ധ്യവും അനുഗ്രഹവും കലോത്സവത്തിനു മാറ്റുകൂട്ടും. അഡ്വ. ജോയിസ് ജോർജ്ജ് എം.പി., ആന്റെണി ജോൺ എം.എൽ.എ., എൽദോ ഏബ്രബാം എം.എൽ.എ. എന്നിവർ കലോത്സവ വേദികളിൽ സന്നിഹിതരാകും.

ഉത്സവ് 2016–ന്റെ ഔദ്യോഗിക ഉത്ഘാടനം 10–ാം തീയതി രാവിലെ 9 മണിക്ക് കോതമംഗലം രൂപതാ മെത്രാൻ മാർ ജോർജ്ജ് മഠത്തിൽകണ്ടത്തിൽ നിർവ്വഹിക്കും. ഉദ്ഘാടന സമ്മേളനത്തിൽ ഫ്രാൻസീസ് മാർപ്പാപ്പയുടെ ചാപ്ലയിൻ പദവിയിലേക്ക് ഉയർത്തപ്പെട്ട് റവ. ഡോ. ജോർജ്ജ് കുരിക്കൂർ അച്ചനെ കെ.സി.വൈ.എം. പ്രത്യേകം ആദരിക്കുമെന്നും സംസ്ഥാന പ്രസിഡന്റ് സിജോ ഇലന്തൂർ, സംസ്ഥാന ഡയറക്ടർ ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒ.ഐ.സി. എന്നിവർ പത്രക്കുറിപ്പിൽ അറിയിച്ചു.

ഫാ. മാത്യു ജേക്കബ് തിരുവാലിൽ — സിജോ ഇലന്തൂർ

സംസ്ഥാന ഡയറക്ടർ — സംസ്ഥാന പ്രസിഡന്റ്

ഫോട്ടോമാറ്റർ: ഉത്സവ് – 2016–ന്റെ ലോഗോ കർദ്ദിനാൾ ബസേലിയസ് മാർ ക്ലീമിസ് കാതോലിക്ക ബാവ പി.ഒ.സി.യിൽ പ്രകാശനം ചെയ്യുന്നു. കെസിവൈഎം സ്റ്റേറ്റ് ഡയറക്ടർ ഫാ. മാത്യു ജേക്കബ് തിരുവാലിൽ ഒഐസി, കെസിസി സെക്രട്ടറി വി.സി. ഠജാർജ്ജുകുട്ടി, കെസിവൈഎം സ്റ്റേറ്റ് പ്രസിഡന്റ് സിജോ ഇലന്തൂർ, ബിഷപ് ജോസഫ് കരിയിൽ, ബിഷപ് വിൻസന്റ് സാമുവൽ, ബിഷപ് മാർ ജോർജ് മഠത്തികണ്ടത്തിൽ, കെസിവൈഎം കോതമംഗലം രൂപത പ്രസിഡന്റ് ടോം ചക്കാലകുന്നേൽ, സെനറ്റ് മെമ്പറുമാരായ ജോസ്ന ജോസ്, സിലിയ ജോസ് എന്നിവർ